പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3114 — 13.10.2011 - ലെ മറുപടിയ്ക്ക്

## ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. പി. ജയരാജൻ | ശ്രീ.ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രി ചെയർമാൻ സ്ഥാനം വഹിക്കുന്ന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ ഏതെല്ലാമെന്നു വ്യക്തമാക്കുമോ; | (എ) മുഖ്യമന്ത്രി ചെയർമാൻ സ്ഥാനം വഹിക്കുന്ന ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ ഭരണ ചുമതലയിലുള്ള കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, കേരള ബയോടെക്നോളജി ബോർഡ്, മലബാർ ബൊട്ടാണിക്കൽ ഗാർഡൻ എന്നിവയാണ്. |
| (ബി) ഓരോ സ്ഥാപനത്തിന്റെയും ബൈലോ പ്രകാരം ഇവയുടെ ഗവേണിംഗ് കൗൺസിലുകൾ എക്സിക്യൂട്ടീവ് കമ്മറ്റികൾ എന്നിവ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടുവാൻ നിശ്ചയിച്ചിട്ടുള്ള കാലാവധി എത്രയാണ്; | (ബി) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിൻെറ ഗവേണിംഗ് കൗൺസിൽ വർഷത്തിൽ കുറഞ്ഞത് ഒരു തവണയാണ് കൂടേണ്ടത്. കേരള ബയോടെക്നോളജി ബോർഡ്, മലബാർ ബൊട്ടാണിക്കൽ ഗാർഡൻ എന്നീ സ്ഥാപനങ്ങളുടെ ഗവേണിംഗ് ബോഡി വർഷത്തിൽ ഒരിക്കൽ കൂടേണ്ടതാണ്. ഇവയുടെ എക്സിക്യൂട്ടീവ് കമ്മറ്റികൾ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലല്ല കൂടേണ്ടത് |

(സി) ഈ ഗവൺമെന്റ് അധികാര ത്തിൽ വന്നതിനുശേഷം പ്രസ്തുത കമ്മറ്റികൾ എത്ര തവണ വീതം യോഗം ചേർന്നു വെന്നു വ്യക്തമാക്കുമോ;

(സി) ഈ ഗവൺമെന്റ് അധികാര ത്തിൽ വന്നതിനുശേഷം കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ സ്റ്റേറ്റ് കൗൺസിൽ ഒരു തവണ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷത യിൽ കൂടുകയുണ്ടായി. എന്നാൽ പ്രസ്തുത കാലയള വിൽ കേരള ബയോടെക്നോ ളജി ബോർഡ്, മലബാർ ബൊട്ടാ ണിക്കൽ ഗാർഡൻ എന്നീ സ്ഥാപനങ്ങളുടെ ഗവേണിംഗ് ബോഡി യോഗം ചേർന്നിട്ടില്ല.

സെക്ഷൻ ഓഫീസർ